# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1225** **20.03.2012-ൽ മറുപടിക്ക്**

## നെടുമ്പ്രാക്കാട് - വിളക്കുമരം പാലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) അരൂർ - ചേർത്തല മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെടുമ്പ്രാക്കാട് - വിളക്കുമരം പാലത്തിന്റെ ശിലാസ്ഥാപനം നടത്തിയത് എന്നാണ്; ആരാണ് ശിലാസ്ഥാപനം നടത്തിയത്; | (എ) നെടുമ്പ്രാക്കാട് - വിളക്കുമരം പാലത്തിന്റെ ശിലാസ്ഥാപനം 15.01.2005-ൽ മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി നിർവഹിച്ചു. |
| (ബി) 2010-11 ബഡ്ജറ്റിൽ എത്ര രൂപയാണ് പാലം നിർമ്മാണത്തിനായി വക കൊള്ളിച്ചിരുന്നത്; പാലം നിർമ്മാണത്തിന് ഇപ്പോൾ കണക്കാക്കിയിട്ടുള്ള എസ്റ്റിമേറ്റ് തുക എത്രയാണ് ; | (ബി) 2010-11 ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. (പേജ് നമ്പർ 223, വാല്യം 1, ഐറ്റം നമ്പർ 4) ഇപ്പോഴത്തെ എസ്റ്റിമേറ്റ് പ്രകാരം 14.50 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| (സി) അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടികൾ എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ; | (സി) സർവ്വേ നടപടികൾ പൂർത്തീകരിച്ച് റിക്കാർഡുകൾ ജില്ല സർവ്വെ സൂപ്രണ്ടിന് ആലപ്പുഴ സ്പെഷ്യൽ തഹസിൽദാർ പൊന്നും വില നിശ്ചയിക്കുന്നതിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സമയ ബന്ധിതമായി സ്വീകരിക്കുന്നതാണ്. |
| (ഡി) 2011-12 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ എത്ര രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത് ; | (ഡി) 2011-12 പുതുക്കിയ ബഡ്ജറ്റിൽ 7 കോടി രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. (പേജ് നമ്പർ 247, വാല്യം 1, ഐറ്റം 4) |
| (ഇ) അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് പൂർത്തിയായാലുടൻ വർക്ക് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുകയും പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്താലുടൻ തന്നെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

Sabitha

**സെക്ഷൻ ഓഫീസർ**